# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 638 — 13.06.2012-ൽ മറുപടിക്ക്

## നാഷണൽ റൂറൽ ഹെൽത്ത് മിഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ശശി : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ സംസ്ഥാനത്തിന് അനുവദിച്ച തുക യിൽ നിന്നും പഞ്ചായത്തുകൾക്ക് മാറ്റി വയ്ക്കുകയും ചെലവഴിക്കുകയും ചെയ്ത തുക എത്രയാണ് ; | (എ) എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരം ഓരോ വർഷവും വാർഡ്തല ശുചിത്വ കമ്മിറ്റികൾക്ക് 10,000 രൂപ വീതം സ്വതന്ത്ര വിനിയോഗ ഫണ്ടായി നൽകി വരുന്നു. സംസ്ഥാനത്തെ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് താഴെയുള്ള 19560 വാർഡുകൾക്കായി 10,000 രൂപ വീതം 2011-12 കാലയളവിൽ 19.56 കോടി രൂപ നൽകിയിട്ടുണ്ട്. ഇതിൽ 12.60 കോടി രൂപ ചെലവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത തുക എന്തെല്ലാം കാര്യങ്ങൾ ക്കായാണ് വിനിയോഗിച്ചിട്ടുള്ളത് ; | (ബി) രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും ആരോഗ്യ പദ്ധതി മേൽനോട്ടത്തിനും വാർഡ്തല ആരോഗ്യ പ്രവർത്തനങ്ങൾക്കും ശുചീകരണ പ്രവർത്തന ങ്ങൾക്കുമാണ് പ്രസ്തുത തുക വിനിയോഗി ച്ചിട്ടുള്ളത്. |
| (സി) ചിറയിൻകീഴ് താലൂക്ക് ആശുപത്രി യുടെ വികസനത്തിനായി എൻ.ആർ. എച്ച്.എം ഫണ്ട് ഉപയോഗിച്ച് നടപ്പാ ക്കിയതും പൂർത്തീകരിച്ചുകൊണ്ടിരി ക്കുന്നതുമായ പദ്ധതികൾ ഏതെല്ലാ മാണ് ; | (സി) ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ എൻ.ആർ.എച്ച്.എം ഫണ്ടുപയോഗിച്ച് ഒരു പാസഞ്ചർ കം ബെഡ് ലിഫ്റ്റും, ജനറേറ്ററും സ്ഥാപിച്ചു. 40 ലക്ഷം രൂപ മതിപ്പുചെലവിൽ ഓപ്പറേഷൻ തീയേറ്റർ നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു. |
| (ഡി) അവയ്ക്കോരോന്നിനും ചെലവാക്കിയ തുക സംബന്ധിച്ച വിശദാംശവും വ്യക്ത മാക്കുമോ ? | (ഡി) പാസഞ്ചർ കം ബെഡ് ലിഫ്റ്റിനും ജനറേറ്ററിനു മായി 20,50,577/-രൂപ ചെലവാക്കിയിട്ടുണ്ട്. ഓപ്പറേഷൻ തീയേറ്റർ നവീകരണത്തിനായി ഇതുവരെ 9,16,000/- രൂപ ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ